(ബി) നിലവിലുള്ള പകർച്ചവ്യാധി നിയന്ത്രണ പരിപാടികളായ സംയോജിത രോഗപര്യവേഷണ പരിപാടി (IDSP), ദേശീയ പ്രാണിജന്യ രോഗനിയന്ത്രണ പരിപാടി (NVBDCP), നിയന്ത്രണ-ഓറൽ റീഹൈഡ്രേഷൻ തെറാപ്പി പരിപാടി തുടങ്ങിയവ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷവും തുടർന്നും നടപ്പാക്കിവരുന്നു. 2012-ൽ 'സമഗ്ര' എന്നപേരിൽ രോഗപ്രതിരോധ പരിപാടി ഈ സർക്കാർ നടപ്പാക്കിയിരുന്നു. ഇതിൽ പകർച്ചവ്യാധി നിയന്ത്രണവും ജീവിതശൈലീരോഗ നിയന്ത്രണവും ഉൾപ്പെടുത്തിയിരുന്നു. 2013-ൽ പകർച്ചവ്യാധി പ്രതിരോധവും നിയന്ത്രണവും ചിട്ടയായി ഇതരവകുപ്പുകളുമായി ഒത്തുചേർന്ന് നടപ്പിലാക്കി. അതേവർഷം ജീവിതശൈലീരോഗ നിയന്ത്രണ പരിപാടി തുടരുകയുണ്ടായി. 2014-ൽ പകർച്ചവ്യാധി പ്രതിരോധത്തിന് ജില്ലാതല ആക്ഷണബിൾ പോയിന്റുകൾ ഉൾപ്പെടുത്തിയുള്ള പകർച്ചവ്യാധി പ്രതിരോധ നിയന്ത്രണ മാർഗ്ഗരേഖ ആരോഗ്യ വകുപ്പ് തയ്യാറാക്കി നടപ്പിലാക്കിവരുന്നു. ജീവിതശൈലീരോഗ നിയന്ത്രണ പരിപാടി കൂടുതൽ ഊർജ്ജിതമായി നടപ്പിലാക്കുന്നതിനുവേണ്ടി 'അമൃതം ആരോഗ്യം പദ്ധതി', 'LEAP' (ലൈഫ്സ്റ്റൈൽ എഡ്യൂക്കേഷൻ & അവയർനസ് പ്രോഗ്രാം), 'SHAPE' പദ്ധതി (സിസ്റ്റമാറ്റിക്ക് ഹെൽത്ത് അസസ്മെന്റ് ഫോർ പോലീസ് പേഴ്സണൽ പദ്ധതി) തുടങ്ങിയവ ആരംഭിച്ചിട്ടുണ്ട്.

(സി) സംസ്ഥാനത്തിന്റെ പൊതുജനാരോഗ്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ആരോഗ്യ വകുപ്പിനോടൊപ്പം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ജലവിഭവ വകുപ്പ്, സാമൂഹ്യനീതി, കൃഷി, വിദ്യാഭ്യാസം തുടങ്ങി വിവിധ വകുപ്പുകളുടെ ഏകോപിച്ചുള്ള പ്രവർത്തനം അത്യാവശ്യമാണ്. വിവിധ വകുപ്പുകളുടെ പ്രവർത്തനം വിവിധ തലങ്ങളിൽ ഏകോപിപ്പിച്ച് നടപ്പിൽവരുത്തുന്നതിനായി ഒരു പൊതുജനാരോഗ്യ സുരക്ഷാ സമിതി (Public Health Protection Agency) രൂപീകരിക്കാനുള്ള പ്രാഥമിക നടപടികൾ സ്വീകരിച്ചുവരുന്നു.

**ഡോക്ടർമാരുടെ നിയമനം**

92 (4376) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) പി.എസ്.സി. ലിസ്റ്റിൽനിന്നും സർക്കാർ ആശുപത്രികളിൽ ഡോക്ടർമാരെ നിയമിച്ചു തുടങ്ങിയിട്ടുണ്ടോ; എങ്കിൽ 2014 ജൂൺ മാസം മുതൽ നിയമനം നല്കിയവരുടെ പേരും അവരെ നിയമിച്ച ആശുപത്രിയുടെ പേരും ലഭ്യമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ചില വിഭാഗം ഡോക്ടർമാർക്ക് പെൻഷൻ പ്രായം കൂട്ടാനിടയായ സാഹചര്യം വ്യക്തമാക്കാമോ ;

(സി) മെഡിക്കൽ കോളേജ് ഡോക്ടർമാർ വ്യാപകമായ തോതിൽ അവരുടെ സേവന സമയങ്ങളിൽ സ്വകാര്യ പ്രാക്ടീസ് നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ) പി.എസ്.സി. ലിസ്റ്റിൽനിന്നും ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള സർക്കാർ ആശുപത്രികളിൽ ഡോക്ടർമാരെ നിയമിച്ച് തുടങ്ങിയിട്ടുണ്ട്. പി.എസ്.സി.-യിൽനിന്നും 7-5-2014-ൽ നിയമന ശിപാർശ ലഭിച്ച 193 പേർക്കും 16-7-2014-ൽ നിയമന ശിപാർശ ലഭിച്ച 30 പേർക്കും ആരോഗ്യ വകുപ്പിൽനിന്നും നിയമന ഉത്തരവ് നൽകുകയും ചെയ്തു. എന്നാൽ 1-8-2014-ൽ ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിൽ നടത്തപ്പെട്ട കൗൺസിലിംഗിൽവച്ച് 58 പേർ മാത്രമാണ് ജോലിയിൽ പ്രവേശിച്ചത്. പ്രസ്തുത ഡോക്ടർമാരുടെ പേരും നിയമിച്ച ആശുപത്രിയുടെ പേരും അനുബന്ധമായി ചേർത്തിരിക്കുന്നു.*

സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളെ സംബന്ധിച്ച വിശദാംശം അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു. *

(ബി) ഡോക്ടർമാരുടെ ദൗർലഭ്യവും പകർച്ചവ്യാധികൾ നേരിടേണ്ട ആവശ്യവും കണക്കിലെടുത്താണ് ആരോഗ്യ വകുപ്പിലെ ഡോക്ടർമാരുടെ സേവനകാലാവധി ദീർഘിപ്പിച്ച് നൽകിയത്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**അട്ടപ്പാടിയിൽ പട്ടികവർഗ്ഗ വിഭാഗങ്ങൾക്കിടയിലെ ശിശുമരണങ്ങൾ തടയുന്നതിനായി പുതിയ ആരോഗ്യ പാക്കേജ്**

93 (4377) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടിയിൽ പട്ടികവർഗ്ഗ വിഭാഗങ്ങൾക്കിടയിലെ ശിശുമരണങ്ങൾ തടയുന്നതിനായി പുതിയതായി പ്രഖ്യാപിച്ച ആരോഗ്യ പാക്കേജുകൾ എന്തെല്ലാം;

(ബി) അട്ടപ്പാടിയിൽ പട്ടികവർഗ്ഗ വിഭാഗങ്ങൾക്കിടയിലെ ശിശുമരണങ്ങൾ തടയുന്നതിനായി പുതിയതായി പ്രഖ്യാപിച്ച ആരോഗ്യ പാക്കേജുകൾ എന്തെല്ലാം?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly